"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - തിരുവനന്തപുരം സെക്രട്ടേറിയറ്റ് ഇലക്ട്രോണിക്സ് വിഭാഗം സെക്ഷനിൽ പുതുതായി രണ്ട് എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (എ) വകുപ്പ്**

സ.ഉ.(കൈ) നം.47/2025/PWD    തീയതി,തിരുവനന്തപുരം, 07-08-2025

---

പരാമർശം:- ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ 02.03.2025 -ലെ CEPWD/3833/2025-EA2-AD നമ്പർ കത്ത്

**ഉത്തരവ്**

കേരള സർക്കാരിന്റെ ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിൽ പ്രവർത്തിക്കുന്ന പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗം സെക്ഷൻ ഓഫീസ്, പൊതുഭരണം, നിയമം, ധനകാര്യം എന്നീ വകുപ്പുകളിലെ അതിപ്രധാനവും ഗൗരവുമുള്ള ഇലക്ട്രോണിക്സ് സംബന്ധമായ പ്രവൃത്തികൾ ചെയ്തു വരുന്നു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാൾ, നോർത്ത് ബ്ലോക്കിലെ മുഖ്യമന്ത്രിയുടെ മീഡിയാ റൂം, സൗത്ത് കോൺഫറൻസ് ഹാൾ, ദർബാർ ഹാൾ, ചീഫ് സെക്രട്ടറിയുടെ കമ്മറ്റി റൂം, പഴയ അസംബ്ലി ഹാൾ, അനെക്സ് 2-ലെ മൂന്ന് കോൺഫറൻസ് ഹാൾ, ഒരു വീഡിയോ കോൺഫറൻസ് റൂം എന്നിവിടങ്ങളിലെ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ പരിപാലനവും പ്രവർത്തിപ്പിക്കലും സെക്രട്ടറിയേറ്റിലെ CCTV ക്യാമറകൾ വാങ്ങി സ്ഥാപിച്ച് പരിപാലിക്കുന്നതും, മന്ത്രിമാരുടെ ഓഫീസുകൾക്കും മറ്റുമായി സ്ഥാപിക്കുന്ന CCTV-കൾ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ ദിനംപ്രതിയുള്ള കേടുപാടുകൾ പരിഹരിക്കുന്നതും, സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ വാഹന പാസ്സിന്റെ നിർമ്മാണം, സെക്രട്ടേറിയറ്റ് മെയിൻ ബിൽഡിംഗ്, അനെക്സ് I & II എന്നിവിടങ്ങളിൽ ജലശുദ്ധീകരണ സംവിധാനം സ്ഥാപിക്കുന്നതും പരിപാലിക്കുന്നതും, പെൻഷനായ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ഐ.ഡി കാർഡ് നിർമ്മാണം എന്നീ പ്രവൃത്തികളും ടി സെക്ഷൻ ചെയ്തു വരുന്നു. അതീവ പ്രാധാന്യമുള്ള പ്രസ്തുത പ്രവൃത്തികൾക്കായി നിലവിൽ ടി കാര്യാലയത്തിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയർ, രണ്ട് എഞ്ചിനീയറിംഗ് അസിസ്റ്റന്റ്, ഒരു ഓഫീസ് അറ്റൻഡന്റ് എന്നിവയാണ് അംഗീകൃത തസ്തികയായുള്ളതെന്നും നിലവിലുള്ള ജീവനക്കാരെ കൊണ്ട് മാത്രം ടി പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാൻ സാധിക്കുന്നില്ലായെന്നും ആയതിനാൽ സെക്രട്ടേറിയറ്റ് ഇലക്ട്രോണിക്സ് സെക്ഷനിൽ പുതുതായി രണ്ട് എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം പ്രകാരം ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുമരാമത്ത് വകുപ്പ് സെക്രട്ടേറിയറ്റ് ഇലക്ട്രോണിക്സ് വിഭാഗം സെക്ഷൻ ഓഫീസിൽ നിലനിൽക്കുന്ന അധികരിച്ച ജോലി ഭാരം പരിഗണിച്ച്, 37400-79000/- രൂപ ശമ്പള സ്കെയിലിൽ, രണ്ട് എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

ചീഫ് എഞ്ചിനീയർ (ഭരണം/കെട്ടിടം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം /തൃശൂർ.

ധനകാര്യ വകുപ്പ് (ഫയൽ നം.e-3194011/I&PW-A2/319/2025-FIN പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.3167 തീയതി 06.08.2025 പ്രകാരം)

പൊതുഭരണ (ഹൗസ് കീപ്പിംഗ് ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി/വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

Signed by

Sreelekha R

Date: 08-08-2025 11:17:15

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 06-08-2025

ഫയൽ നം. പൊ.മ.വ.-എ1/78/2025/പൊ.മ.വ. ഇനം നം: 3167

വിഷയം : പൊതുമരാമത്ത് വകുപ്പ് - പൊതുമരാമത്ത് വകുപ്പ് സെക്രട്ടേറിയറ്റ് ഇലക്ട്രോണിക്സ് വിഭാഗം സെക്ഷൻ ഓഫീസിൽ പുതുതായി രണ്ട് എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

3167

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | പൊ.മ.വ-A1/78/2025-പൊ.മ.വ |
| 2 | വകുപ്പ് | : | പൊതുമരാമത്ത് (എ) വകുപ്പ് |
| 3 | വിഷയം | : | പൊതുമരാമത്ത് വകുപ്പ് സെക്രട്ടേറിയറ്റ് ഇലക്ട്രോണിക്സ് വിഭാഗം സെക്ഷൻ ഓഫീസിൽ പുതുതായി രണ്ട് എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിയ്ക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 26.07.2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട്. |
| | (ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : | ഇല്ല. |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | |
| 7 | കരട് കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.മിനി.എം |
| 8 | കരട് കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.കെ.ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 31.07.2025 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01.08.2025 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പി.എ മുഹമ്മദ് റിയാസ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 04.08.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 04.08.2025 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും. | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പൊതുമരാമത്ത് വകുപ്പ് സെക്രട്ടേറിയറ്റ് ഇലക്ട്രോണിക്സ് വിഭാഗം സെക്ഷൻ ഓഫീസിൽ രണ്ട് എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. കേരള സർക്കാരിന്റെ ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിൽ പ്രവർത്തിക്കുന്ന പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗം സെക്ഷൻ ഓഫീസ്, പൊതുഭരണം, നിയമം, ധനകാര്യം എന്നീ വകുപ്പുകളിലെ അതിപ്രാധാന്യവും ഗൗരവുമുള്ള ഇലക്ട്രോണികസ് സംബന്ധമായ പ്രവൃത്തികൾ ചെയ്തു വരുന്നു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാൾ, നോർത്ത് ബ്ലോക്കിലെ മുഖ്യമന്ത്രിയുടെ മീഡിയാ റൂം, സൗത്ത് കോൺഫറൻസ് ഹാൾ, ദർബാർ ഹാൾ, ചീഫ് സെക്രട്ടറിയുടെ കമ്മറ്റി റൂം, പഴയ അസംബ്ലി ഹാൾ, അനെക്സ് 2-ലെ മൂന്ന് കോൺഫറൻസ് ഹാൾ, ഒരു വീഡിയോ കോൺഫറൻസ് റൂം എന്നിവിടങ്ങളിലെ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ പരിപാലനവും പ്രവർത്തിപ്പിക്കലും പൊതുമരാമത്ത് സെക്രട്ടേറിയറ്റ് ഇലക്ട്രോണിക് വിഭാഗത്തിന്റെ പരിധിയിൽ വരുന്ന പ്രവൃത്തിയാണ്. സെക്രട്ടറിയേറ്റിലെ CCTV ക്യാമറകൾ വാങ്ങി സ്ഥാപിച്ച് പരിപാലിക്കുന്നതും, മന്ത്രിമാരുടെ ഓഫീസുകൾക്കും മറ്റുമായി സ്ഥാപിക്കുന്ന CCTV-കൾ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ ദിനംപ്രതിയുള്ള കേട്ടുപാടുകൾ പരിഹരിക്കുന്നതും, സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ വാഹന പാസ്സിന്റെ നിർമ്മാണം, സെക്രട്ടേറിയറ്റ് മെയിൻ ബിൽഡിംഗ്, അനെക്സ് I & II എന്നിവിടങ്ങളിൽ ജലം ശുദ്ധീകരണ സംവിധാനം സ്ഥാപിക്കുന്നതും പരിപാലിക്കുന്നതും, പെൻഷനായ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ഐ.ഡി കാർഡ് നിർമ്മാണം എന്നീ പ്രവൃത്തികളും ടി സെക്ഷൻ ചെയ്തു വരുന്നു.

3. അതീവ പ്രാധാന്യമുള്ള പ്രസ്തുത പ്രവൃത്തികൾക്കായി നിലവിൽ ടി കാര്യാലയത്തിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയർ, രണ്ട് എഞ്ചിനീയറിംഗ് അസിസ്റ്റന്റ്, ഒരു ഓഫീസ് അറ്റൻഡന്റ് എന്നിവയാണ് അംഗീകൃത തസ്തികയായുള്ളതെന്നും നിലവിലുള്ള ജീവനക്കാരെ കൊണ്ട് മാത്രം അടിയന്തിര ശ്രദ്ധവേണ്ട മേല്പറഞ്ഞ പ്രവർത്തികൾ യഥാസമയം പൂർത്തീകരിക്കാൻ സാധിക്കുന്നില്ലായെന്നും ആയതിനാൽ സെക്രട്ടേറിയറ്റ് ഇലക്ട്രോണിക്സ് സെക്ഷനിൽ പുതുതായി രണ്ട് എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്തിരുന്നു. തസ്തികകൾ സൃഷ്ടിക്കുന്നത് മുഖേന അഞ്ച് വർഷത്തേയ്ക്ക് 50,26,560/- രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*"പൊതുമരാമത്ത് വകുപ്പ് തിരുവനന്തപുരം സെക്രട്ടേറിയറ്റ് ഇലക്ട്രോണിക്സ് സെക്ഷനിൽ നിലനിൽക്കുന്ന അധികരിച്ച ജോലി ഭാരം പരിഗണിച്ച് പുതുതായി രണ്ട് എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തിക (37400-79000) സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു. ഇതിനു ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."*

5. പൊതുമരാമത്ത് വകുപ്പ് സെക്രട്ടേറിയറ്റ് ഇലക്ട്രോണിക്സ് സെക്ഷനിൽ നിലനിൽക്കുന്ന അധികരിച്ച ജോലിഭാരം പരിഗണിച്ച് പുതുതായി രണ്ട് എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

## തീരുമാനിക്കേണ്ട സംഗതി

പൊതുമരാമത്ത് വകുപ്പ് സെക്രട്ടേറിയറ്റ് ഇലക്ട്രോണിക്സ് വിഭാഗം സെക്ഷൻ ഓഫീസിൽ നിലനിൽക്കുന്ന അധികരിച്ച ജോലി ഭാരം പരിഗണിച്ച്, 37400-79000/- രൂപ ശമ്പള സ്കെയിലിൽ, രണ്ട് എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കാവുന്നതാണോ?